പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 949 — 29.09.2016 -ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി ഇൻഷ്വറൻസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എസ്.ശർമ്മ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | 2014-15 സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസിനായി എത്ര തുകയാണ് വകയിരുത്തിയിരുന്നതെന്ന് വിശദമാക്കാമോ; | (എ) | 2014-15 സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിക്കായി 2405-00-800-82 (പ്ലാൻ) ശീർഷകത്തിൽ 690 ലക്ഷം രൂപയും അനുബന്ധമത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിക്കായി 2405-00-800-50 (പ്ലാൻ) ശീർഷകത്തിൽ 100 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. |
| (ബി) | മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസിനായി എത്ര തുകയാണ് വേണ്ടിവരുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 2,33,121 മത്സ്യത്തൊഴിലാളികളെയും 77,694 അനുബന്ധ മത്സ്യത്തൊഴിലാളികളെയും ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കുന്നതിനായി ആളൊന്നിന് ₹.145+14.50 % സർവ്വീസ് ടാക്സും ചേർത്ത് ആകെ 5,16,03,139/- രൂപ ചെലവ് പ്രതീക്ഷിക്കുന്നു. നിലവിലുള്ള ഇൻഷ്വറൻസിന്റെ കാലാവധി 16.12.2016 നാണ് അവസാനിക്കുന്നത്. ഓരോ വർഷവും ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ഗുണഭോക്താക്കളിൽ നിന്നും പ്രീമിയം തുക ഒന്നും ഈടാക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ